# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : * 245** 08-05-2017-ൽ മറുപടി നൽകേണ്ടത്

## വിദ്യാഭ്യാസ രംഗത്തെ ഗുണനിലവാരത്തകർച്ച

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. കെ. യു.അരുണൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.വി. കെ. സി. മമ്മത് കോയ<br>ശ്രീ. വി. അബ്ദുറഹിമാൻ | : | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | |
|---|---|
| എ) സംസ്ഥാനത്ത് വിദ്യാഭ്യാസ രംഗം വിശേഷിച്ച് ഉന്നത വിദ്യാഭ്യാസ രംഗം, വിദ്യാഭ്യാസ വ്യാപ്തിയിൽ മുൻ നിരയിലായിരിക്കുമ്പോഴും ഗുണനിലവാരത്തിൽ പിന്നിലാണെന്ന ആക്ഷേപത്തെക്കുറിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; | എ) സംസ്ഥാനത്ത് വിദ്യാഭ്യാസരംഗം വിശേഷിച്ച് ഉന്നത വിദ്യാഭ്യാസ രംഗം വിദ്യാഭ്യാസ വ്യാപ്തിയിൽ മുൻനിരയി-ലായിരിക്കുമ്പോഴും ഗുണനിലവാരത്തിൽ പിന്നിലാണെന്ന ആക്ഷേപം സംബന്ധിച്ച് പ്രത്യേക പഠനമൊന്നും നടത്തിയിട്ടില്ല. |
| ബി) മികച്ച വിദ്യാഭ്യാസത്തിന് ഉയർന്ന ഫീസ് അഥവാ ഉയർന്ന ഫീസ് നൽകുന്നിടത്തു മികച്ച വിദ്യാഭ്യാസം എന്ന കമ്പോളവത്കരണ നയം വിദ്യാഭ്യാസ മേഖലയിൽ ഏല്പിച്ച ആഘാതം പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; | ബി) ഉണ്ട്. 04-02-2017-ലെ സ.ഉ. (എം.എസ്) നം. 37/17/ഉ.വി.വ പ്രകാരം സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ സമഗ്രമായി പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ജസ്റ്റീസ് കെ. കെ. ദിനേശൻ, ഡോ. കെ. കെ. എൻ. കുറുപ്പ്, |

| | |
|---|---|
| | ഡോ. ആർ. വി. ജി മേനോൻ എന്നിവർ അംഗങ്ങളായി ഒരു കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനു കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ സർക്കാർ തീരുമാനമനുസരിച്ചുള്ള ഫീസാണ് ഈടാക്കുന്നത്. പൊതുവിദ്യാഭ്യാസ വകുപ്പിൽ വിദ്യാഭ്യാസ കച്ചവടത്തി നെതിരെ കർശന നടപടികൾ സ്വീകരി ക്കുകയും അംഗീകൃത സ്കൂളുകളിൽ അനാവശ്യ ഫീസുകൾ പിരിയ്ക്കുന്ന-തിനെതിരെ നടപടികൾ സ്വീകരിച്ച് വരികയും അതിനായി വേണ്ട അവബോധം പൊതുജനങ്ങളിൽ ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. |
| സി) ജനാധിപത്യബോധവും യുക്തി ചിന്തയും ശാസ്ത്രബോധവും വളർത്താൻ ഉതകുന്ന രീതിയിലുള്ള വിമർശനാത്മക ബോധനം എന്ന നയം സ്വീകരിച്ച് വിദ്യാഭ്യാസരംഗത്തെ ദോഷകരമായ ഇടപെടലുകളെ പ്രതിരോധിക്കാൻ നടപടിയെടുക്കുമോ? | (സി) ജനാധിപത്യബോധവും യുക്തി ചിന്തയും ശാസ്ത്രബോധവും കൂടി സമന്വയിപ്പിച്ചുകൊണ്ടുള്ള പൊതുവിദ്യാഭ്യാസത്തിനാണ് വകുപ്പ് ഊന്നൽ നൽകിയിരിക്കുന്നത്. ഇതിനായി സിലബസ് പരിഷ്കരിക്കുകയും അതിൻ പ്രകാരം പാഠ പുസ്തകങ്ങൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**